# Quad Senior Officials Meeting

August 12, 2021

---

## ക്വാഡ് ഉന്നത ഉദ്യോഗസ്ഥരുടെ സമ്മേളനം

ഓഗസ്റ്റ് 12, 2021

ഇന്ത്യൻ വിദേശകാര്യമന്ത്രാലയം, ഓസ്‌ട്രേലിയയിലെ വിദേശകാര്യ & വ്യാപാര മന്ത്രാലയം, ജപ്പാൻ വിദേശകാര്യ മന്ത്രാലയം, അമെരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് എന്നിവയിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ വീഡിയോ കോൺഫറൻസിൽ കൂടിക്കച്ച നടത്തി.ഫെബ്രുവരിയിലെ കാഡ് വിദേശകാര്യമന്ത്രിമാരുടെ സമ്മേളനത്തിന് ശേഷം അനുകൂലമായ ദർശനങ്ങൾ ഏറ്റെടുക്കുന്നതിനും പരമ്പരാഗതമായ വെല്ലുവിളികളിലുള്ള സഹകാരം ശക്തിപ്പെടുത്തുന്നതിന് തീരുമാനിക്കപ്പെടുകയും ചെയ്ത 2021 മാർച്ചിലെ ചരിത്രപ്രധാനമായ ലീഡേഴ്സ് സമ്മിറ്റ് നടന്നിരുന്നു. ഇന്തോ-പസഫിക് മേഖലയിൽ കോവിഡ് -19 ന്റെ വ്യാപകമായ പ്രത്യാഘാതങ്ങളെക്കുറിച്ചും പകർച്ചവ്യാധി തടയുന്നതിനും ആരോഗ്യ സുരക്ഷയും ദ്രുതഗതിയിലുള്ള സാമ്പത്തിക വീണ്ടെടുക്കലും ഉറപ്പാക്കാനുള്ള സഹകരണ ശ്രമങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അഭിപ്രായങ്ങൾ കൈമാറാൻ ഈ കൺസൾട്ടേഷനുകൾ അവസരമൊരുക്കി.ഈ സാഹചര്യത്തിൽ, വാക്സിൻ ഉൽപാദനവും തുല്യമായ ലഭ്യതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നേതാക്കൾ പ്രഖ്യാപിച്ച കാഡ് വാക്സിൻ സംരംഭത്തിന്റെ പുരോഗതിയും അവർ അവലോകനം ചെയ്തു.

പൊതു താൽപ്പര്യമുള്ള വിഷയങ്ങളിൽ ഉദ്യോഗസ്ഥർ ചർച്ച നടത്തി , ദൃഢതയുള്ള വിതരണ ശൃംഖലകൾ, ഉയർന്നുവരുന്നതും നിർണായകവുമായ സാങ്കേതികവിദ്യകൾ, സമുദ്ര സുരക്ഷ, സൈബർ സുരക്ഷ, തീവ്രവാദ പ്രതിരോധം, അടിസ്ഥാനസൗകര്യങ്ങൾ, കണക്റ്റിവിറ്റി, ഉന്നത വിദ്യാഭ്യാസം, കാലാവസ്ഥാ വ്യതിയാനം, മാനുഷികമായ സഹായങ്ങൾ, ദുരന്തനിവാരണ പ്രവർത്തനങ്ങൾ എന്നിവയിലെ സഹകരണ സാധ്യതകൾ പരിശോധിച്ചു.

തങ്ങൾ പങ്കുവയ്ക്കുന്ന മൂല്യങ്ങളും തത്വങ്ങളും അനുസ്മരിച്ചുകൊണ്ട്, അന്താരാഷ്ട്ര നിയമത്തോടുള്ള ആദരവിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്രവും സുതാര്യവും സമൃദ്ധവും ഉൾക്കൊള്ളുന്നതുമായ ഇൻഡോ-

പസഫിക് മേഖലയോടുള്ള പ്രതിബദ്ധത ഉദ്യോഗസ്ഥർ ആവർത്തിച്ചു. ആസിയാൻ കേന്ദ്രീകൃതത്വം, ഇന്തോ-പസഫിക്കിലെ ആസിയാൻ കാഴ്ചപാട്, പ്രാദേശിക ഘടനകളിൽ ആസിയാൻ നേതൃത്വത്തിലുള്ള സംവിധാനങ്ങൾ എന്നിവയോടുള്ള തങ്ങളുടെ ഉറച്ച പിന്തുണ അവർ ആവർത്തിച്ചു.

ഈ വർഷാവസാനം പതിവ് കൂടിയാലോചനകളും അടുത്ത വിദേശകാര്യ മന്ത്രിമാരുടെ യോഗവും തുടരുമെന്ന് ഉദ്യോഗസ്ഥർ പ്രതീക്ഷിക്കുന്നു.

ന്യൂ ഡൽഹി
ഓഗസ്റ്റ് 12, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.